**Mar Joseph Srampickal**
Bishop, Syro-Malabar Eparchy of Great Britain

Bishop's Office
Our Lady of Rosary and St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom
B8 3BB
Email: bishop@csmegb.org

Circular No. 06/2021 28 May 2021

# വിമെൻസ് ഫോറം ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ വിമെൻസ് ഫോറം സ്ഥാപിച്ചിട്ട് നാലു വർഷങ്ങൾ പിന്നിടുമ്പോൾ, ഈ കാലയളവിൽ ഈ സംഘടനയിലൂടെ നമ്മുടെ രൂപതയ്ക്കും കുടുംബങ്ങൾക്കും ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾക്ക് പരിശുദ്ധ അമ്മയോടുചേർന്ന് ദൈവത്തിനു നന്ദി പറയുന്നു. രൂപതയോടു ചേർന്നുനിന്നുകൊണ്ട് എല്ലാ പ്രവർത്തനങ്ങളിലും സജീവ സാന്നിദ്ധ്യവും സഹായവും, പ്രാർത്ഥനയും നൽകി നമ്മുടെ രൂപതയെ ശക്തിപ്പെടുത്തുവാൻ വിമെൻസ് ഫോറം അംഗങ്ങൾ ആത്മാർത്ഥമായി പ്രയത്നിച്ചു. ഇടമുറിയാതെയുള്ള പ്രാർത്ഥനയും ത്യാഗപ്രവർത്തികളും വഴി ലഭിച്ച ദൈവാനുഗ്രഹങ്ങളെ നന്ദിയോടെ അനുസ്മരിക്കുന്നു. യൂണിറ്റുകളിലും റീജണുകളിലും രൂപതാ തലത്തിലും ശക്തമായ ഒരു നേതൃത്വ നിര ഉണ്ടായിരുന്നു എന്നത് വിമെൻസ് ഫോറത്തിന്റെ വിജയകരമായ നടത്തിപ്പിന് കാരണമായി.

വിമെൻസ് ഫോറത്തിന്റെ നിയമാവലി അനുസരിച്ച് രണ്ട് വർഷം പിന്നിടുമ്പോൾ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തേണ്ടതായിരുന്നു. കോവിഡ് 19 ന്റെ പ്രത്യേക സാഹചര്യത്തിൽ തെരഞ്ഞെടുപ്പു നടത്താൻ സാധിച്ചില്ല. എന്നാൽ ഇപ്പോൾ ഈ രോഗത്തിന്റെ കെടുതികളിൽ നിന്ന് മിക്കവാറും നമ്മൾ മോചിതരായ സാഹചര്യത്തിൽ ഇനി വിമെൻസ് ഫോറത്തിന്റെ തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. കഴിഞ്ഞ നാലു വർഷങ്ങളിലൂടെ വിമെൻസ് ഫോറം നേടി എടുത്ത ചൈതന്യവും പാരമ്പര്യവും നിലനിർത്തികൊണ്ട് പുതിയ ഉണർവ്വോടും ശക്തിയോടും കൂടി മുമ്പോട്ടു നയിക്കുവാൻ പുതിയ നേതൃത്വം ആവശ്യമാണ്. നിയമാവലിയിൽ തന്നിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തെരഞ്ഞെടുപ്പു നടത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ജൂലൈ 31 ന് മുമ്പായി ഇടവക/മിഷൻ/പ്രോപ്പാസ്ഡ് മിഷൻ തലങ്ങളിലും ഓഗസ്റ്റ് 31ന് മുമ്പായി റീജിയണൽ തലത്തിലും സെപ്റ്റംബർ 18 ന് മുമ്പായി രൂപതാ തലത്തിലും തെരഞ്ഞെടുപ്പുകൾ നടത്തേണ്ടതാണ്. ഇലക്ഷന്റെ വിജയത്തിനായി പ്രത്യേകം പ്രാർത്ഥിക്കേണ്ടതുണ്ട്. അതാതു തലങ്ങളിലെ ഡയറക്റ്ററും എക്സിക്യൂട്ടീവ്സും ചേർന്ന് ഇലക്ഷന് നേതൃത്വം നൽകണം. യുണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികളുടെ പേരുകൾ റീജിയണൽ ഡയറക്റ്റർക്ക് നല്കേണ്ടതാണ്. യൂണിറ്റുകളിലും റീജിയണിലും തെരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികളുടെ പേരുകൾ രൂപതാ ഡയറക്റ്റർക്ക് (Rev Sr Kusumam S H - WhatsApp: 00-44-7309085138 and Email: womenforum@csmegb.org) കൊടുക്കേണ്ടതാണ്. നിങ്ങളെയെല്ലാവരെയും നമ്മുടെ കർത്താവായ ഈശോ മിശിഹാ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

മാർ ജോസഫ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2021 ജൂൺ 28 ന് മുമ്പായി വായിക്കേണ്ടതാണ്.